LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ

8 [*212] ശ്രീ. എ. എ. അസീസ് :
„ കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വൈദ്യുത പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികളുടെ ഉൽപാദനശേഷി എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതികൾക്ക് നാളിതുവരെ എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇനി എത്ര രൂപ കൂടി ചെലവഴിച്ചാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും;

(ഇ) ഓരോ പദ്ധതിയും എന്ന് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്)

(എ) മലങ്കര, കുറ്റ്യാടി ടെയിൽ റേസ്, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, നേര്യമംഗലം എക്സ്റ്റൻഷൻ, ലോവർ മീൻമുട്ടി, അഴുത ഡൈവേർഷൻ, കുട്ടിയാർ ഡൈവേർഷൻ, കുറ്റ്യാടി ആഗ്മെന്റേഷൻ എന്നീ പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നത്. ഇതുകൂടാതെ ശബരിഗിരി, നേര്യമംഗലം എന്നീ പദ്ധതികളുടെ നവീകരണ പുനരുദ്ധാരണ ജോലികളും ആരംഭിച്ചിട്ടുണ്ട്.

(ബി), (സി), (ഡി) & (ഇ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

വൈദ്യുതിയുടെ വില്പനവില നിർണ്ണയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

9 [*213] ശ്രീ. എം. പി. ഗംഗാധരൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ ഡി. സുഗതൻ:
ശ്രീമതി ശോഭന ജോർജ്:
ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ വില്പനവില നിർണ്ണയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഹൈടെൻഷൻ, എക്സ്ട്രാഹൈടെൻഷൻ, ലോടെൻഷൻ, ഗാർഹിക ഉപഭോക്താക്കൾ എന്നിവർക്ക് നൽകുന്ന വൈദ്യുതിയുടെ വില കണക്കാക്കുന്നത് ഏതുപ്രകാരമാണ്;

(സി) വൈദ്യുത പദ്ധതികൾക്ക് ചെലവാകുന്ന തുക വൈദ്യുതിവില നിർണ്ണയിക്കുന്നതിൽ മാനദണ്ഡമായി എടുക്കാറുണ്ടോ?

† അനുബന്ധം III

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ മാനദണ്ഡങ്ങൾ പ്രകാരം വൈദ്യുതിയുടെ ഉൽപ്പാദനചെലവിൽ പ്രധാനമായി രണ്ടു ഘടകങ്ങളാണുള്ളത്. പദ്ധതി നിർമ്മാണചെലവ് അടിസ്ഥാനമാക്കിയുള്ള ഫിക്സഡ് ചാർജ്ജും ഇന്ധന വിലയുടെ അടിസ്ഥാനത്തിലുള്ള വേരിയബിൾ ചാർജ്ജും.

ഫിക്സഡ് ചാർജ്ജ് തീരുമാനിക്കുന്നത് വാർഷിക തേയ്മാനം, കടത്തിൻമേലുള്ള പലിശ, ഓഹരി മൂലധനത്തിൻമേലുള്ള റിട്ടേൺ, പ്രവർത്തന മൂലധനത്തിൻമേലുള്ള പലിശ, അറ്റകുറ്റപണികൾ നടത്തുവാൻ ആവശ്യമുള്ള തുക (ഓപ്പറേഷണൽ & മെയിന്റനൻസ് എക്സ്പെൻസസ്) വിദേശ നാണ്യ വിനിമയനിരക്കിലുള്ള വ്യതിയാനം, ആദായനികുതി, ഉൽപ്പാദനക്ഷമതയ്ക്ക് അനുസൃതമായ ഇൻസെന്റീവ് എന്നിവ കണക്കിലെടുത്തുകൊണ്ടാണ്.

ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ആനുപാതികമായ ഇന്ധനചെലവും അനുബന്ധ ചെലവുകളുമാണ് താപവൈദ്യുതിയുടെ വേരിയബിൾ ചാർജ്ജ് കണക്കാക്കുന്നതിനുള്ള മാനദണ്ഡം. ജലവൈദ്യുത പദ്ധതികൾക്ക് വേരിയബിൾ ചാർജ്ജ് ഇല്ല. എന്നാൽ വൈദ്യുതി ബോർഡിന്റെ നിലവിലുള്ള താപനിലയങ്ങൾക്കും ജലവൈദ്യുത നിലയങ്ങൾക്കും ഈ തിതിയിൽ വൈദ്യുതിയുടെ വില റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടില്ല.

(ബി) ഓരോ വിഭാഗം ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയും വൈദ്യുതി നഷ്ടവും നിയമാനുസൃതമായി മുടക്ക് മുതലിന് ലഭിക്കേണ്ട ആദായവും കൂടാതെ വൈദ്യുതി ഉപഭോഗത്തിന്റെ ഉദ്ദേശ്യം, ഉപഭോക്താക്കളുടെ സാമ്പത്തിക സാമൂഹ്യ സ്ഥിതി, വിവിധ വികസന മേഖലകൾക്ക് സർക്കാർ നൽകുന്ന പ്രത്യേക പരിഗണനകൾ എന്നിവ സംബന്ധിച്ച് സർക്കാരിന്റെ നയപരിപാടികളും പരിഗണിച്ചാണ് വില നിശ്ചയിക്കുന്നത്.

(സി) ഉണ്ട്.

സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റെ പ്രവർത്തനം

10 [*214] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. രാധാകൃഷ്ണൻ :
,, എ. കെ. ബാലൻ :
,, എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ അദ്ധ്യക്ഷൻമാരുടെയും അംഗങ്ങളുടെയും ഒഴിവുകൾ കാലാകാലങ്ങളിൽ നികത്താത്തതുകാരണം പ്രസ്തുത സ്ഥാപനങ്ങൾകൊണ്ടുള്ള പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly